# പെണ്ണൊരുമ്പെടേണ്ടിവരുമോ?

രേഖ കെ.കെ.

എവിടെ നോക്കിയാലും ഇപ്പോൾ പെൺവിശേഷം മാത്രമാണ്. സൂര്യനെല്ലിയും വിതുരയും കോഴിക്കോട് ഐസ്ക്രീം പാർലർ കേസും കഴിഞ്ഞ് വേറൊന്നു കാണാതെ മുഷിഞ്ഞിരിക്കയാണ് പത്രങ്ങൾ. ക്ലിന്റൺ വിശേഷം അല്പം ആശ്വാസമായ മട്ടുണ്ട്. ഇനി ഈ പത്രത്തിലും ഇതൊക്കെ തന്നെയോ എന്നാവും സംശയം. സംശയം ശരിയാണ്. എന്നാലും ഇതുവരെ പെണ്ണിനെ കിടക്കയിലും അടുക്കളയിലും ഒതുക്കിയവരല്ലേ നാം. അതിനാൽ സ്ഥിരമായി അല്പം പെൺവിശേഷവുമാകാം. എന്താ.

പെണ്ണില്ലാതെ മനുഷ്യവംശത്തിനു തന്നെ നിലനില്പില്ല. എന്നാലും പെണ്ണിനെ പോറ്റാൻ നമുക്കു മടിയും അറപ്പുമാണ്. അതിനാൽ പെണ്ണിനെ ഗർഭത്തിലേ നശിപ്പിക്കാനാണ് നമുക്കിഷ്ടം. ഗർഭാവസ്ഥയിൽ തന്നെ പെണ്ണ് ആണോ പെണ്ണോ എന്ന് അമ്നിയോസിന്തസിസ് വഴി അറിഞ്ഞാൽ പെണ്ണാണെങ്കിൽ കൊല്ലുന്നതിൽ നമ്മുടെ സമൂഹം മടിക്കുന്നില്ല. എന്തുകൊണ്ട്?.

---

**ദാമ്പത്യം പെണ്ണിനെന്നപോലെ ആണിന്റെയും ഈ സമൂഹത്തിന്റെയും നിലനില്പിന് അനിവാര്യമാണ്. അതിനുള്ള തന്റെ പങ്കാളിക്ക് വിലപേശാൻ മടിക്കാത്ത പുരുഷൻ മറ്റെന്തും ചെയ്യാൻ മടിക്കില്ല.**

---

വളർച്ചയുടെ ആദ്യഘട്ടം മുതൽ വിവേചനം അനുഭവിക്കാൻ പെൺകുട്ടി വിധിക്കപ്പെട്ടിരിക്കുന്നു. ഭക്ഷണത്തിലും വിദ്യാഭ്യാസത്തിലും അവൾക്കു രണ്ടാംകിട സ്ഥാനം മാത്രം. കഷ്ടപ്പെട്ട് പഠിച്ച് ജോലിയായാലോ. അത് വിവാഹ മാർക്കറ്റിലെ വിലപേശലിനുള്ള ഒരിളവ് മാത്രം. പെണ്ണിനു വിവാഹപ്രായമായാൽ മാതാപിതാക്കൾക്ക് ആധിയായി. പൊന്നും പണവും കൊടുക്കണം. എന്തുചെയ്യും. പെണ്ണിനെ കഷ്ടപ്പെട്ട് വളർത്തിയതുംപോരാ. പ്രായപൂർത്തിയായവ്യക്തിയായിക്കഴിഞ്ഞാൽ വിവാഹച്ചന്തയിൽ വില്ക്കാനും പണം അങ്ങോട്ടു കൊടുക്കണം. പെണ്ണിനു വിലപേശൽ ആണിന്റെ ജന്മാവകാശം പോലെയാണ് നമ്മുടെ സമൂഹം അംഗീകരിച്ചിരിക്കുന്നത്. സമൂഹം എന്തിന് ഇത്തരം ദുർനടപ്പിനു കൂട്ടുനില്ക്കുന്നു.? ദാമ്പത്യം പെണ്ണിനെന്നപോലെ ആണിന്റെയും ഈ സമൂഹത്തിന്റെയും നിലനില്പിന് അനിവാര്യമാണ്. അതിനുള്ള തന്റെ പങ്കാളിക്ക് വിലപേശാൻ മടിക്കാത്ത പുരുഷൻ മറ്റെന്തും ചെയ്യാൻ മടിക്കില്ല. അതുകൊണ്ടുതന്നെയല്ലേ നിരവധി സ്ത്രീധനമരണങ്ങൾ ഇവിടെ അരങ്ങേറിക്കൊണ്ടിരിക്കുന്നത്.

നിയമം മൂലം വിലക്കിയിട്ടും വർത്തമാന സമൂഹത്തിന്റെ സ്വഭാവത്തിൽ കളങ്കമായി സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നു. സ്ത്രീക്ക് കുടുംബത്തിൽ പുരുഷനോളം തന്നെ അവകാശമുണ്ട്. അതുപക്ഷെ, അവളെ വില്പനചരക്കാക്കിയല്ല നല്കേണ്ടത്.

ഗർഭത്തിലേ നശിപ്പിക്കപ്പെട്ടും. അടുക്കളയിൽ കരിപിടിച്ചും കിടപ്പറയിൽ പീഡിപ്പിക്കപ്പെട്ടും സഞ്ചാരസ്വാതന്ത്ര്യം നിഷേധിച്ചും സഞ്ചാരവഴിയിൽ അപമാനിതയാക്കപ്പെട്ടും സിനിമകളിലൂടെയും പരസ്യങ്ങളിലൂടെയും വില്ക്കപ്പെട്ടും സ്ത്രീയുടെ അഭിമാനവും സ്വാതന്ത്ര്യവും നിരന്തരം അപമാനിക്കപ്പെടുകയാണ്. ഈ അനുഭവങ്ങളെ നേരിടേണ്ടിവരുന്ന ഒരു സ്ത്രീക്ക് ജീവിതം തന്നെ ഒരു പോരാട്ടമാണ്. ഇത്തരം വിലക്കുകൾക്കും നിയന്ത്രണങ്ങൾക്കും സ്ത്രീ നിരന്തരം ഇരയാകുന്നതിന് ഒരു പ്രധാന കാരണം പുരുഷൻ, അവന്റെ തന്നെ വർഗ്ഗത്തെ ആ വർഗ്ഗത്തിന്റെ സ്വഭാവത്തിന്റെ (അവന്റെയും സ്വഭാവമാണ്) ഭയപ്പെടുന്നതാണ്. സ്ത്രീ ആക്രമിക്കപ്പെടുന്നതെപ്പോഴും പുരുഷനാലാണല്ലോ. അപ്പോൾ സ്ത്രീയേക്കാൾ അധികം മാറ്റം പുരുഷനിലുണ്ടായാലേ സ്ത്രീയുടെ സ്വാതന്ത്ര്യവും സ്വച്ഛതയും നിലവിൽ വരികയുള്ളൂ.